# പതിനാലാം കേരളനിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.T 2821 18.08.2017 ൽ മറുപടിക്ക്

### ജാതി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് നേരിടുന്ന ബുദ്ധിമുട്ടുകൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. അബ്ദുൽ ഹമീദ്. പി.** | **ശ്രീ.ഇ.ചന്ദ്രശേഖരൻ**<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് റവന്യൂ അധികാരികളിൽ നിന്നും ജാതി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് നേരിടുന്ന ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) അപേക്ഷയോടൊപ്പം ജാതി തെളിയിക്കുന്നതിനാവശ്യമായ വ്യക്തമായ രേഖകൾ സമർപ്പിക്കുന്ന പക്ഷം ജാതി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് ബുദ്ധിമുട്ടുണ്ടാകാറില്ല. |
| (ബി) ജാതി സർട്ടിഫിക്കറ്റ് നൽകുന്നതിന് പിതാവിന്റെ സ്കൂൾ സർട്ടിഫിക്കറ്റ് സമർപ്പിക്കണമെന്ന് നിബന്ധനയുണ്ടോ; വ്യക്തമാക്കുമോ; | (ബി) ജാതി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് പിതാവിന്റെ സ്കൂൾ സർട്ടിഫിക്കറ്റ് സമർപ്പിക്കണമെന്ന നിബന്ധനയില്ല. എന്നാൽ അപേക്ഷകന്റെ ജാതി ഉറപ്പാക്കുന്നതിനായി മാതാപിതാക്കൾക്ക് ലഭിച്ച ജാതി സർട്ടിഫിക്കറ്റുകളുടെ പകർപ്പോ സ്കൂൾ സർട്ടിഫിക്കറ്റോ ആവശ്യപ്പെടാറുണ്ട്. |
| (സി) ജാതി സർട്ടിഫിക്കറ്റ് നൽകുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) അപേക്ഷയോടൊപ്പം സമർപ്പിക്കുന്ന രേഖകളുടെയും വില്ലേജാഫീസറുടെ സ്വതന്ത്രമായ പ്രാദേശികാന്വേഷണത്തിൽ വെളിപ്പെടുന്ന വസ്തുതകളുടെയും അടിസ്ഥാനത്തിലാണ് ജാതി സർട്ടിഫിക്കറ്റ് നൽകുന്നത്. എല്ലാ ജാതി സർട്ടിഫിക്കറ്റുകളുടെയും സാധുതാ കാലയളവ് മൂന്നുവർഷമായി ഉയർത്തി സർക്കാർ 04.08.17 ൽ ഉത്തരവായിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**